**"കിലെയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച സിവിൽ സർവീസ് അക്കാഡമി കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരിയിൽ ആരംഭിക്കുന്നത്" സംബന്ധിച്ച് റൂൾ 304 പ്രകാരം ശ്രീ.പുരുഷൻ കടലുണ്ടി എം.എൽ.എ നൽകിയ സബ്മിഷൻ (22.01.2021 ൽ മറുപടിയ്ക്ക്)**

തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ) ന്റെ നേതൃത്വത്തിലാണ് തിരുവനന്തപുരം ആസ്ഥാനമായി സിവിൽ സർവീസ് പരിശീലന അക്കാദമി പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. കേരളത്തിലെ സംഘടിത-അസംഘടിത മേഖലകളിലെ തൊഴിലാളികളുടെ മക്കൾക്കും ആശ്രിതർക്കും കുറഞ്ഞ ചെലവിൽ സിവിൽ സർവീസ് പരീക്ഷയ്ക്ക് മികച്ച പരിശീലനം നൽകുവാനാണ് ഈ അക്കാദമിയുടെ പ്രവർത്തനത്തിലൂടെ ലക്ഷ്യമിടുന്നത്.കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻറ് എംപ്ലോയ്മെന്റിന് കോഴിക്കോട് ജില്ലയിൽ ഒരു റീജിയണൽ സെന്റർ ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. കോവിഡ് 19 സാഹചര്യത്തിലാണ് റീജിയണൽ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ വൈകിയത്. പ്രസ്തുത റീജിയണൽ സെന്റർ പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് ഇവിടെ സിവിൽ സർവ്വീസ് പരിശീലന കോഴ്സ് ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.